**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4089** **27-10-2021 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണ്ഡലത്തിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി മണ്ഡലത്തിലെ നിരവധി സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാകാത്തത് കാരണം പൊതുജനങ്ങൾ ബുദ്ധിമുട്ടിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | അക്രെഡിറ്റെഡ് ഏജൻസിയായ സിൽക്ക് വഴി നടപ്പിലാക്കുന്ന മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിയ്ക്ക് നിലവിൽ എന്തെങ്കിലും തടസങ്ങൾ ഉള്ളതായി അറിയുമോ; | (ബി) | കുറ്റ്യാടി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയുടെ കീഴിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് കരാർ പ്രകാരം 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കോവിഡ്-19 കാരണം പല സ്ഥലങ്ങളിലും തുടർച്ചയായി ലോക്ഡൗൺ ഏർപ്പെടുത്തിയതും, സാധനങ്ങളുടെയും തൊഴിലാളികളുടേയും അഭാവവും കാരണം കരാർ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) | ഈ പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും എന്ന് പൂർത്തിയാക്കാനാകുമെന്നും അറിയിക്കാമോ? | (സി) | നിലവിൽ ടി പ്രവൃത്തി പൂർത്തീ കരിക്കുന്നതിന് 3 മാസത്തേക്ക് പിഴ കൂടാതെ കരാർ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 2021 നവംബർ 30 നകം പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ